LIBRARY ARCHIVES Kerala Legislative Assembly

എന്നിവ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനിവാര്യ ചുമതലയാണ്. എന്നാൽ മാലിന്യ നിർമ്മാർജ്ജനം എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് മാത്രം പരിഹരിക്കാവുന്ന ഒന്നല്ല. ആയത് ഓരോ പൗരന്റെയും അനിവാര്യ ചുമതലയാണ്. വീടുകളിലും വ്യവസായ സ്ഥാപനങ്ങളിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കേണ്ട ഉത്തരവാദിത്തം ആയത് ഉൽപ്പാദിപ്പിക്കുന്നവർക്കുണ്ട്. എങ്കിൽ മാത്രമേ മാലിന്യ സംസ്കരണം എന്ന പ്രവൃത്തി വിജയകരമായി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ.

മാലിന്യ നിർമ്മാർജ്ജന പദ്ധതി

28 (*148) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി നഗരസഭകൾക്ക് കഴിഞ്ഞ അഞ്ചുവർഷക്കാലം നല്കിയ തുകയുടെ വിനിയോഗം സംബന്ധിച്ച് ഏതെങ്കിലും ഏജൻസി അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; അവ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(സി) റിപ്പോർട്ടുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി തുക വിനിയോഗിച്ചതിലെ അപാകതകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കായി നഗരസഭകൾക്ക് കഴിഞ്ഞ അഞ്ചുവർഷക്കാലം നൽകിയ തുകയുടെ വിനിയോഗം സംബന്ധിച്ച് സംസ്ഥാന ശുചിത്വമിഷനും ജില്ലാ ശുചിത്വമിഷനുകളും അവലോകനം നടത്തിവരുന്നുണ്ട്.

(ബി) ഇതുസംബന്ധിച്ച റിപ്പോർട്ടുകൾ വിവിധ നഗരസഭകൾ ലഭ്യമാക്കിയിട്ടുണ്ട്. ആയവ പരിശോധിച്ചിട്ടുണ്ട്. നഗരസഭകളിലെ മാലിന്യ സംസ്കരണത്തിലേയ്ക്കായി പത്തനംതിട്ട ഒഴികെയുള്ള എല്ലാ നഗരസഭകളിലും ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിനും കൂടാതെ പൊതു മാലിന്യ

സംസ്കരണ പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ ആയവ സ്ഥാപിക്കുന്നതിനും പൊതുമാലിന്യ സംസ്കരണ പ്ലാന്റുകളുള്ള നഗരസഭകളിൽ ആയവ കൂടുതലാക്കി ആധുനികവൽക്കരിക്കുന്നതിനും സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും അനുവദിച്ച് നൽകിയിട്ടുണ്ട്. ടി പദ്ധതികളുടെ അവലോകനം നടത്തിവരുന്നുണ്ട്.

(സി) മാലിന്യ സംസ്കരണ പദ്ധതികൾക്കുള്ള തദ്ദേസ്വയംശഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതികാനുമതിയും അർഹമായ സാമ്പത്തിക സഹായവും അനുവദിച്ച് നൽകുന്നുണ്ട്. പദ്ധതി നടപ്പിലാക്കേണ്ട ചുമതല അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ബന്ധപ്പെട്ട എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

കാർഷിക വിളകളുടെ സംഭരണ നടപടികൾ

29 (*149) ശ്രീ. എം. എ. ബേബി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. വി.വിജയദാസ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിളകളുടെ വിലയിടിവ് തടയുന്നതിൽ സർക്കാർ തലത്തിലുള്ള സംഭരണ നടപടികൾ വഹിക്കുന്ന പങ്കിനെ സംബന്ധിച്ച് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രഖ്യാപിച്ചിട്ടുള്ള സംഭരണ നടപടികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) ഇവ ഓരോന്നും പ്രഖ്യാപിക്കാനിടയായ സാഹചര്യം എന്തായിരുന്നു; പ്രസ്തുത സാഹചര്യങ്ങൾക്ക് അയവുവരുത്താൻ പ്രസ്തുത നടപടികൾ കൊണ്ട് സാധിച്ചുവോ;

(ഡി) സംഭരണ നടപടികൾ പ്രഖ്യാപിച്ച് നടപ്പാക്കിയിട്ടും വിലയിടിവ് തടയാൻ കഴിയാതിരുന്ന വിളകളുടെ വിശദാംശങ്ങൾ നല്കാമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) നെല്ല്, നാളികേരം, റബ്ബർ എന്നീ വിളകളുടെ വിലയിടിവ് തടയുന്നതിന് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സംഭരണ നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly